**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 619** **30-01-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ രംഗത്ത് നിർമ്മിതബുദ്ധിയുടെ പ്രയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട് വ്യവസായരംഗത്ത് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 2023 ലെ കേരളാ വ്യവസായ നയത്തിലെ ഏഴ് സുപ്രധാന നയസ്തംഭങ്ങളിൽ ഒന്നാണ് ഹൈടെക് സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റം. പ്രസ്തുത നയമേഖലയുമായി ബന്ധപ്പെട്ട് നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ എന്നിവ ഉൾപ്പെടുന്ന മേഖല വ്യവസായ നയത്തിലെ 22 മുൻഗണനാ മേഖലകളിൽ ഒന്നായി ഉൾപ്പെടുത്തിയിരിക്കുന്നു. നയത്തിലെ സൺറൈസ് മേഖലകളിൽ ഒന്നാണിത്. ഉൽപ്പാദന സംവിധാനങ്ങളേയും സമ്പദ്-വ്യവസ്ഥകളെയും കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് ഈ മേഖലയ്ക്ക് കഴിവുണ്ട്. വ്യവസായങ്ങൾ ഭാഗികമോ പൂർണ്ണമോ ആയ ഓട്ടോമേഷനിലേക്ക് നീങ്ങുന്ന ഈ കാലഘട്ടത്തിൽ നിർമ്മിത ബുദ്ധി മേഖലയ്ക്ക് സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയിൽ നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്നതാണ്.<br><br>2023-ലെ കേരള വ്യവസായ നയത്തിൽ ഉത്പാദനമേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്കുള്ള പ്രോത്സാഹനമായി സോഫ്റ്റ്‌വെയർ (ബിഗ് ഡാറ്റ അനലിറ്റിക്ക് ടൂൾസ്), മെഷീനറി മുതലായവയുടെ വിലയുടെ 20% റീംഇംബെഴ്സ്മെന്റ് (പരമാവധി 25 ലക്ഷം രൂപ വരെ) നൽകുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.<br><br>വ്യവസായ വിപ്ലവം 4.0-ന് അനുസൃതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ നയത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും നിർവ്വഹണ ഏജൻസികൾ, പങ്കാളിത്ത ഉടമകൾ, വ്യവസായ മേഖലയിലെ ഗുണഭോക്താക്കൾ എന്നിവർക്ക് ഒരു മാർഗരേഖയായി മേൽ സൂചിപ്പിച്ച നയമേഖലകൾ വർത്തിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | വ്യവസായ നയത്തിൽ പ്രസ്താവിച്ചിട്ടുള്ള ഇൻസന്റീവുകൾ/ആനുകൂല്യങ്ങൾ നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ/ സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്ന വ്യവസായികൾക്കും വ്യവസ്ഥകൾക്കനുസരിച്ച് ലഭ്യമാകുന്നതാണ്.<br><br>നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തുന്ന 113 സ്റ്റാർട്ടപ്പുകൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിർമ്മിതബുദ്ധി ഹബ് തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഒരു നിർമ്മിത ബുദ്ധി ഹബ് തുടങ്ങുന്ന കാര്യം സർക്കാരിന്റെ ആലോചനയിലുണ്ട്. നിലവിലെ വ്യവസായ നയത്തിൽ, "നിർമ്മിത ബുദ്ധി" ഉൾപ്പടെയുള്ള എല്ലാ മുൻഗണന മേഖലകൾക്കും പ്രത്യേകം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ "നിർമ്മിത ബുദ്ധി" മേഖലയെ കൂടുതൽ പരിപോഷിപ്പിക്കുവാനായി ഒരു "അന്താരാഷ്ട്ര എ.ഐ കോൺക്ലേവ്" നടത്തുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | നിർമ്മിതബുദ്ധിയുമായി ബന്ധപ്പെട്ട് ഉച്ചകോടി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ? | (സി) | 2023-ലെ കേരള വ്യവസായ നയത്തിലെ 22 മുൻഗണന മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ വിവിധ തരം നിക്ഷേപ കൂട്ടായ്മകൾ, സമ്മേളനങ്ങൾ, നിക്ഷേപകരുടെ യോഗങ്ങൾ ഉച്ചകോടികൾ മുതലായ പരിപാടികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ടി പദ്ധതികൾ നടപ്പാക്കുന്നതിലൂടെ വ്യവസായികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും, അത് പരിഹരിക്കുവാനും, അവരുമായി നല്ല ബന്ധത്തിൽ ഏർപ്പെടുവാനും, അത്യാധുനിക സാങ്കേതികവിദ്യകൾ കേരളത്തിൽ കൊണ്ട് വരുവാനും, പുതിയ നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുവാനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ